# മെത്രാപ്പോലീത്തായുടെ കത്ത്

(ഫെബ്രുവരി 2017)



പുതുസംവത്സരത്തിന്റെ പ്രഥമ മാസം നാം പിന്നിടുമ്പോൾ സമൂഹത്തിൽ പല വിധമായ പ്രതീക്ഷകൾ ഉണർത്തപ്പെടുന്നു. അതേസമയം ആശങ്കകളുടെ നിഴലുകളും നിലനില്ക്കുന്നു. അഭൂതപൂർവ്വമായ ഒരു വരൾച്ചയുടെ കാലാവസ്ഥയാണ് കേരളമിന്ന് അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നത്. ജലസ്രോതസ്സുകളായ നദികളിൽ പോലും ഇടമുറിഞ്ഞ് ഒഴുക്ക് നിലച്ചുപോയിരിക്കുന്നു. ഭൂഗർഭ ജലസ്രോതസ്സുകൾ പോലും വരണ്ടുകൊണ്ടിരിക്കുന്നു. അടുത്ത രണ്ട് മാസത്തേക്ക് ആശങ്കാഭരിതമായ നാളുകൾ ദർശിപ്പാൻ ഇടയാകുന്നു. രാഷ്ട്രീയമായ കാലാവസ്ഥയിലും എല്ലായിടത്തും മൂല്യശോഷണത്തിന്റേതായ വരൾച്ചയുടെ നേർക്കാഴ്ചകളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. തമിഴ്നാട്ടിലുണ്ടായ ചില പ്രക്ഷോഭണങ്ങളും കേരളത്തിൽ പലയിടത്തും നടക്കുന്ന വിദ്യാർത്ഥി പ്രക്ഷോഭണങ്ങളും നിയമ വ്യവസ്ഥയെ തന്നെ വെല്ലുവിളിക്കുന്ന രീതിയിൽ പരിണമിക്കുന്നത് അതിന്റെ ഉദ്ദേശശുദ്ധിയെപ്പോലും കളങ്കപ്പെടുത്തുന്ന രീതിയിലാണ്. വർദ്ധിച്ചുവരുന്ന അരാജകത്വവും ശിക്ഷണരാഹിത്യവും സുമനസ്സുകളെയെല്ലാം വേദനപ്പിച്ചുകൊണ്ടിരിക്കുന്നു. പ്രശ്നങ്ങൾക്കെല്ലാം സമുചിതമായ പരിഹാരം കാണുവാൻ ജനനേതാക്കൾക്കും ഭരണകർത്താക്കൾക്കും വിദ്യാഭ്യാസ മേഖലയിലുള്ള അധികാരികൾക്കും വിവേകവും വിനയവും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കാം.

ഭാരതത്തിൽ അഞ്ച് സംസ്ഥാനങ്ങൾ നിയമസഭാ തെരഞ്ഞെടുപ്പിനായി ഒരുങ്ങിക്കൊണ്ടിരിക്കുന്നു. സ്വാർത്ഥപരമായ താല്പര്യങ്ങൾ വെടിഞ്ഞ് രാഷ്ട്രത്തിന്റെ മഹത്തായ മൂല്യങ്ങൾ സംരക്ഷിച്ച് ഉദാത്തമായ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കുവേണ്ടി സമർപ്പിത ചേതസ്സുകളായി നീങ്ങുവാൻ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഇടയാകണമെ എന്ന് നാം പ്രാർത്ഥിക്കണം. ജവഹർലാൽ നെഹ്റുവിന്റെയും സർദാർ വല്ലാഭായി പട്ടേലിന്റെയും ബാബു രാജേന്ദ്രപ്രസാദിന്റെയും രാജാജിയുടെയും സർവ്വോപരി മഹാത്മജിയുടെയും ആദർശധീരതയിൽ രൂപം കൊണ്ട ഭാരതം ആദർശ സമ്പന്നതയോടുകൂടി നിലനില്ക്കണമെങ്കിൽ വിധ്വംസക പ്രവർത്തനങ്ങളോടും ഭീകരപ്രവർത്തനങ്ങളോടും നാം വിട പറയണം. 2017 ജനുവരി 26-റിപ്പബ്ളിക്ക് ദിനാചരണം ഈ അവബോധത്തിലേക്ക് ഉണരുവാൻ ഏവർക്കും സൽപ്രേരണകൾ നല്കി എന്ന് വിശ്വസിക്കുന്നു. പുനരർപ്പണം ഒരു യാഥാർത്ഥ്യമായി തീരുവാൻ ദൈവം എല്ലാവരെയും സഹായിക്കട്ടെ. യരുശലേമിന്റെ മതിലുകൾ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ച് ചുട്ടും കിടക്കുന്നു എന്ന് നെഹമ്യാവ് അറിഞ്ഞപ്പോൾ അതിനോടുണ്ടായ നെഹമ്യാവിന്റെ പ്രതികരണം മാതൃകാപരമാണ്. ആരെയെങ്കിലും അന്ധമായ രീതിയിൽ കുറ്റപ്പെടുത്താനല്ല നെഹമ്യാവ് ശ്രമിച്ചത്. “ഞാനും എന്റെ പിതൃഭവനവും പാപം ചെയ്തിരിക്കുന്നു” (നെഹമ്യാവ് 1:16) എന്നാണ് നെഹമ്യാവ് പ്രഖ്യാപിച്ചത്. ദൈവം നല്കിയതായ അവകാശങ്ങളും പദവികളും സ്വാതന്ത്ര്യവും ഉത്തരവാദിത്വരഹിതമായി വ്യവഹരിച്ചതുകൊണ്ട് (അതാണ് പാപം) വീഴ്ച സംഭവിച്ചിരിക്കുന്നു എന്ന തിരിച്ചറിവാണ് നെഹമ്യാവിനെ ഇപ്രകാരം പറയാൻ പ്രേരിപ്പിച്ചത്. ഈ തിരിച്ചറിവ് ഇന്ന് നമുക്കും ഉണ്ടാകണം. ജനഹിതപ്രകാരം അധികാരത്തിലേറിയ ഗവൺമെന്റുകളെ പ്രവർത്തിക്കാൻ അനുവദിക്കാതെ നിഷ്ക്രിയരാക്കുവാനുള്ള പ്രവണതകൾ അമേരിക്കയിലും നമ്മുടെ രാജ്യത്തും ഇന്ന് ദൃശ്യമാകുന്നത് ആശങ്കകൾ ഉണർത്തുന്നു. നന്മതിന്മകളെ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുവാനുള്ള വിവേകം ലോകജനതയ്ക്കുണ്ടാകുവാനായി നമുക്ക് പ്രാർത്ഥിക്കാം.

മൂല്യാധിഷ്ഠിത ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു ഭരണഘടനയത്രെ മാർത്തോമ്മാ സഭയ്ക്കുള്ളത്. അതിന്റെ അടിസ്ഥാനത്തിലാണ് എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പിനുള്ള നടപടി ക്രമങ്ങൾ നിർവ്വഹിച്ചുവരുന്നത്. സഭാമണ്ഡലം തെരഞ്ഞെടുത്ത അഡ്ഹോക്ക് കമ്മിറ്റി യോഗം ചേർന്ന് ഏകാഭിപ്രായമായി നാലു പേരുടെ പേര് നിർദ്ദേശിച്ചതിനു ശേഷം വ്യക്തമല്ലാത്ത കാരണങ്ങളാൽ നാല് അംഗങ്ങൾ രാജിവെയ്ക്കുകയുണ്ടായി. വാസ്തവ വിരുദ്ധമായ ആരോപണങ്ങൾ ഉന്നയിച്ച്, പല അഭ്യൂഹങ്ങളും സാമൂഹ്യ മാധ്യമങ്ങളിലൂടെ പരക്കുന്നതായ ഒരു അവസ്ഥയും സംജാതമായി എന്നത് ഏറെ ഖേദകരമാണ്. അത്തരം മാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ട ആരോപണങ്ങൾ വസ്തുനിഷ്ഠമല്ല എന്ന് അറിയിക്കട്ടെ. നാലു പേരുകൾ രൂപീകരിച്ച് അവരെ മെഡിക്കൽ ടെസ്റ്റിന് അയക്കാൻ തീരുമാനിക്കുമ്പോൾ ആ ലിസ്റ്റ് ഏകാഭിപ്രായമായി അംഗീകരിക്കപ്പെട്ട ഒരു ലിസ്റ്റായിരുന്നു എന്നതാണ് വാസ്തവം. പിന്നീടാണ് ആരോപണങ്ങളുടെ ഒരു ഘോഷയാത്ര തന്നെ ഉണ്ടായത്. എങ്കിലും മെഡിക്കൽ റിപ്പോർട്ട് ലഭിച്ചതിന് ശേഷം ബോർഡിലെ 21 അംഗങ്ങൾ നാലു പേരുടെ പേരുകൾ പരസ്യപ്പെടുത്തുവാൻ ഏകാഭിപ്രായമായി നിർദ്ദേശിക്കുകയും ഭരണഘടനാപ്രകാരം ഈ വിവരം എല്ലാ ഇടവകകളെയും അറിയിച്ച് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് ആക്ഷേപങ്ങൾ ഉണ്ടെങ്കിൽ രേഖാമൂലം അറിയിക്കുവാൻ സമയം അനുവദിച്ച് നല്കുകയുണ്ടായി. ഒരാൾ നാലുപേരെ കുറിച്ച് പരാതി ഉണ്ടെന്ന് അറിയിച്ചെങ്കിലും പരാതി എന്തെന്ന് അറിയിച്ചിട്ടില്ല, ബന്ധപ്പെട്ട നമ്മുടെ കല്പനയിൽ അറിയിച്ചിരുന്നതിൻ പ്രകാരം നിശ്ചിത സമയത്ത് ഹാജരായി തെളിവുകൾ സമർപ്പിച്ചിട്ടുമില്ല. സ്വജനപക്ഷവാദമോ വ്യക്തി താല്പര്യമോ കുടുംബബന്ധമോ ഒന്നും ഇതുവരെയുള്ള നടപടികളിൽ സ്വാധീനം ചെലുത്തിയിട്ടില്ല എന്ന് നമുക്ക് പറയാൻ കഴിയും. സഭാമണ്ഡലത്തിന്റെ തീരുമാനത്തിനായി സഭാ കൗൺ സിലിന്റെ അംഗീകാരത്തോടുകൂടി വ്യവസ്ഥാപിതമായ നോട്ടീസ് നല്കിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മണ്ഡല യോഗങ്ങൾ ദൈവകൃപയുടെ നിറവിൽ നീതിപൂർവ്വം നടത്തപ്പെടേണ്ടതിന് സഭാജനങ്ങൾ നിരന്തരമായി പ്രാർത്ഥിക്കണം. സഭ ദൈവത്തിന്റേതാണ്. ദൈവത്തിന്റെ വഴികളിലൂടെ ദൈവം വെളിപ്പെടുത്തി തരുന്ന അനുഭവങ്ങളിലൂടെ നമുക്ക് ദൈവകൃപയുള്ളവരായി നടക്കാം.

മാരാമൺ കൺവൻഷൻ ഫെബ്രുവരി 12-ാം തീയതി മുതൽ ആരംഭിക്കുകയാണല്ലോ. പ്രാർത്ഥനയോടും ഒരുക്കത്തോടും കൂടി ശുഭ്രവസ്ത്രധാരികളായി സ്ത്രീപുരുഷന്മാർ വരുന്നത് അഭികാമ്യമാണ്. ശുഭ്രവസ്ത്രധാരികളായി ഇന്ന് കേരളത്തിൽ ഇതര സമൂഹങ്ങൾ അവരുടെ യോഗങ്ങളിൽ വന്നു സംബന്ധിക്കുന്നതുപോലെ നാമും വന്നു സംബന്ധിക്കണം. ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാതെയും പുകവലി

ഒഴിവാക്കിയും മണൽപ്പുറം വിശുദ്ധമായി കാത്തുസൂക്ഷിച്ച് സ്വയം ശിക്ഷണം തുടർന്നും പാലിക്കുവാൻ നമുക്ക് കഴിയണം. അനുഗൃഹീതരായ ദൂതുവാഹകരെ ദൈവം ഒരുക്കിത്തന്നു. അവർക്കു വരുന്നതിന് സഹായകരമായി കേന്ദ്രഗവൺമെന്റിൽ നിന്നും ഉചിതമായ നടപടികളിലൂടെ Visa/Political Clearance ലഭിച്ചു. കേരള ഗവൺമെന്റ് നല്കുന്ന സഹായവും നിസ്തുലമാണ്. കടന്നുവരുന്ന വിശ്വാസ സമൂഹം മാലിന്യവിമുക്തമായും പ്ലാസ്റ്റിക് രഹിതമായും മണൽപ്പുറം സൂക്ഷിക്കുവാൻ നിഷ്ഠ പാലിക്കണം. ഉപയോഗിക്കുന്ന കടലാസുകഷ്ണങ്ങളും മറ്റും നിശ്ചിത സംഭരണികളിൽ മാത്രം നിക്ഷേപിക്കേണ്ടതുമാണ്. സമീപത്തെ നദിയിൽ മാലിന്യങ്ങൾ നിക്ഷേപിക്കരുത്. പന്തലിന്റെ പരിസരങ്ങളിൽ ക്രമീകരിച്ചിരിക്കുന്ന ശൗചാലയങ്ങൾ മാത്രമേ ഉപയോഗിക്കാവൂ. സാമൂഹ്യദോഷങ്ങളുടെ തിന്മഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്, മുംബൈയിൽ നിന്നും പുറപ്പെട്ട്, വിവിധ സംസ്ഥാനങ്ങൾ കടന്നു വരുന്ന ഒരു മോട്ടോർസൈക്കിൾ റാലി മാരാമണ്ണിൽ എത്തിച്ചേരുന്നതും കൺവൻഷന്റെ ബുധനാഴ്ച ഉച്ചകഴിഞ്ഞ് നടക്കുന്ന സാമൂഹ്യ തിന്മകൾക്കെതിരായുള്ള ബോധവത്കരണ സമ്മേളനത്തിൽ ഈ സഞ്ചാരികൾ സാക്ഷ്യം പങ്കുവയ്ക്കുന്നതുമാണ്. മുംബൈ ഭദ്രാസനത്തെയും സ്വീകരണം കൊടുക്കുന്ന വിവിധ സ്ഥലങ്ങളിലെ ഘടകങ്ങളെയും അഭിനന്ദിക്കുന്നു.

മാരാമണ്ണിലെ വിവിധ സ്റ്റാളുകളിൽ സംഭാവന നൽകുവാൻ ആഗ്രഹിക്കുന്നവർ സ്ഥാപനങ്ങളുടെ പേരെഴുതി ക്രോസ്സ് ചെക്കായി നല്കുന്നത് സഹായകരമായിരിക്കും. ഓഫീസുകളിൽ അടയ്ക്കേണ്ട തുകകൾ സഭയുടെ അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ചെയ്തു നല്കുന്നത് അഭികാമ്യമാണ്. അങ്ങനെ കേന്ദ്രഗവൺമെന്റിന്റെ കറൻസി രഹിത വിനിമയ സമീപനത്തെ പ്രോൽസാഹിപ്പിക്കുന്നതിന് വിശ്വാസ സമൂഹം ശ്രദ്ധിക്കണം എന്ന് ഉദ്ബോധിപ്പിക്കുന്നു.

നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പല അദ്ധ്യാപകരും അനദ്ധ്യാപകരും മാർച്ച് 31-ാം തീയതി വിരമിക്കുന്നതിന്റെ മുന്നോടിയായി സ്കൂളുകളിലും കോളേജുകളിലും യാത്രയയപ്പു സമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ദീർഘനാളുകൾ തങ്ങളുടെ ജീവിതം സമർപ്പണബോധത്തോടെ അർപ്പിച്ച് ഗവൺമെന്റ് നിയമം അനുസരിച്ച് ഔദ്യോഗിക ചുമതലകളിൽ നിന്നും വിരമിക്കുന്ന സ്കൂൾ-കോളേജ് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിക്കുന്നു. വാർഷിക പരീക്ഷയ്ക്ക് ഒരുങ്ങുന്ന കുട്ടികൾ വ്യക്തതയോടുകൂടി പരീക്ഷാക്കടലാസിൽ ഉത്തരങ്ങൾ പ്രതിഫലിപ്പിക്കുവാനും നല്ല വിജയം നേടുവാനും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു.

നമ്മുടെ സഭയിൽ ദീർഘകാലം വിവിധ രംഗങ്ങളിൽ പ്രവർത്തിച്ച മണർകാട് പൂപ്പട ദിവ്യശ്രീ. പി.റ്റി. മാത്യു കശ്ശീശ (74) ഒരു റോഡപകടത്തിൽപെട്ട് നിര്യാതനായി. അച്ചന്റെ സംസ്കാരശുശ്രൂഷ തലപ്പാടി നസ്രേത്ത് മാർത്തോമ്മാ പള്ളിയിൽ നടന്നു. ഈ വർഷം വാളകം സ്കൂളിൽ നിന്ന് റിട്ടയർ ചെയ്യുന്ന ശ്രീമതി സൂസമ്മ ജോൺ (56) മറ്റൊരു റോഡപകടത്തിൽപെട്ട് നിര്യാതയായി. ചന്ദനക്കാവ് ബഥേൽ മാർത്തോമ്മാ പള്ളിയിൽ സംസ്കാരശുശ്രൂഷ നടന്നു. ഇരുവരുടെയും നിര്യാണം വളരെ വേദനയോടുകൂടിയത്രെ ശ്രവിക്കുന്നതിനും അഭിമുഖീകരിക്കുന്നതിനും ഇടയായത്. അവരുടെ സേവനങ്ങളെ ഓർത്ത് സ്തുതിക്കുന്നു. കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.

വെല്ലൂരിൽ വോളന്റിയറായി ഗൈഡൻസ് സെന്ററിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ഷിജു ഫിലിപ്പ് മാത്യു (32) ഒരു റോഡപകടത്തിൽ നിര്യാതനായി. അദ്ദേഹം വിവാഹിതനും രണ്ടു മാസം പ്രായമുള്ള ഒരു പെൺകുഞ്ഞിന്റെ പിതാവുമായിരുന്നു. എല്ലാവരേയും വേദനിപ്പിച്ച ഒരു സംഭവമായിരുന്നു അത്. സംസ്കാരശുശ്രൂഷ ഇലന്തൂർ വലിയ പള്ളിയിൽ നടന്നു. നല്ല സമർപ്പണബോധത്തോടും ആത്മാർത്ഥതയോടും പ്രവർത്തിച്ചിരുന്ന അദ്ദേഹം എല്ലാവരുടെയും സ്നേഹത്തിന് പാത്രീഭൂതനുമായിരുന്നു. ദുഃഖിതരായ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായും വിശ്വാസസ്ഥിരതയ്ക്കായും പ്രാർത്ഥിക്കുന്നു. സഭാ കൗൺസിൽ കൂടിയപ്പോൾ, ഈ കുഞ്ഞിന്റെ ഭാവിയെ കരുതി കുഞ്ഞിന്റെ പേരിൽ കുറഞ്ഞത് 10 ലക്ഷം രൂപായെങ്കിലും ആ കുഞ്ഞിന്റെ 18-ാം വയസ്സിൽ mature ആകത്തക്കവിധം സഭ സൂക്ഷിക്കണമെന്നും ആ തുക കുഞ്ഞിന്റെ ആവശ്യത്തിനായി നൽകണമെന്നും തീരുമാനിക്കുകയുണ്ടായി. ഈ നിധിയിലേക്ക് സംഭാവന നൽകാൻ താല്പര്യപ്പെടുന്നവർക്ക് സഭാസെക്രട്ടറിയുടെ പേരിൽ ബാങ്ക് ചെക്കായോ ഡ്രാഫ്റ്റ് ആയോ, ബാങ്ക് ട്രാൻസ്ഫർ മുഖേനയോ നല്കാവുന്നതാണ്. (Bank account for foreign remittances: Sabha Secretary, Mar Thoma Syrian Church, Union Bank of India, Thiruvalla. A/C No: 389302170000383, IFSC Code : UBIN0538931. Bank account for Domestic remittances : Sabha Secretary, Mar Thoma Syrian Church, Union Bank of India, Thiruvalla.A/C No: 389302170001900, IFSC Code : UBIN0538931. ഈ അക്കൗണ്ടിലേക്ക് സംഭാവനകൾ നിക്ഷേപിക്കുന്നവർ ഇന്ന ആവശ്യത്തിലേക്ക് എന്ന് പ്രത്യേകമായി സൂചിപ്പിക്കുകയും പേരും മേൽവിലാസവും accountsdept@marthoma.in ൽ സഭാ സെക്രട്ടറിയെ ഇ-മെയിലിലൂടെ അറിയിക്കുകയും വേണം.)

നമ്മുടെ കോളേജുകളിൽ സുപ്രധാനമായ രണ്ട് സമ്മേളനങ്ങൾ നടക്കുന്നു. തിരുവല്ലാ മാർത്തോമ്മ കോളേജിൽ ജനുവരി 28 മുതൽ 30 വരെ 29-ാമത് കേരള സയൻസ് കോൺഗ്രസ്സ് നടക്കുന്നു. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയുടെ കലോൽസവത്തിന് കോഴഞ്ചേരി മാർത്തോമ്മാ കോളേജും ഒരു വേദിയാണ്. ഈ പരിപാടികളെല്ലാം അനുഗ്രഹകരമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

വരത്തറപ്പള്ളത്ത് ശ്രീ. പി.എം. ജോൺ ദീർഘകാലം കൽക്കട്ടായിൽ മാർത്തോമ്മാ സഭയ്ക്കു വേണ്ടിയും സാമൂഹ്യ മേഖലയിലും ചെയ്ത സേവനങ്ങൾ നിസ്തുല്യമാണ്. തന്റെ ഔദ്യോഗിക ചുമതലകൾക്കൊപ്പം സഭയ്ക്കുവേണ്ടി, മാത്യൂസ് മാർ അത്താനാസ്യോസ് എപ്പിസ്കോപ്പാ തിരുമേനി ബോംബെയിലുള്ള തരുലത മിത്തൽ എന്ന ഒരു പാഴ്സി സഹോദരിയിൽ നിന്നും സ്വീകരിച്ച ചർച്ച് കോംപ്ലക്സ് സഭയ്ക്ക് ലഭ്യമാക്കുന്നതിന് ജോണിന്റെ സേവനം വിലപ്പെട്ടതായിരുന്നു എന്ന് അനുസ്മരിക്കുന്നു. അവിടെയുള്ള അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നത് അസാധ്യമെന്നു കരുതിയ സാഹചര്യത്തിൽ വസ്തു കൈവശമാക്കുന്നതിന് മാത്യൂസ് തിരുമേനി പവ്വർ ഓഫ് അറ്റോർണി കൊടുത്ത് സമ്പാദിക്കുന്നതിൽ ജോൺസാർ (കുഞ്ഞൂഞ്ഞ്) ചെയ്ത സേവനങ്ങൾ നിസ്തുല്യമാണ്. അതോടൊപ്പം മദർ തെരേസയോടു ചേർന്ന് സാമൂഹ്യ പ്രതിബദ്ധതയോടുകൂടി ജോൺ സാർ പ്രവർത്തിക്കുകയും കൽക്കട്ടായിലെ തെരുവീഥികളിൽ അലഞ്ഞു നടന്നതായ മാനസിക വളർച്ചയെത്തിയിട്ടില്ലാത്തവരെ പുനരധിവസിപ്പിക്കാൻ അന്തേര എന്ന പ്രസ്ഥാനം ആരംഭിക്കുന്നതിന് നേതൃത്വം നല്കുകയും ചെയ്തു. കൽക്കട്ടാ സി.എൻ.ഐ. കത്തീഡ്രലും കൽക്കട്ടായിലെ അർമീനിയൻ സഭയും ചേർന്ന് ഒരു എക്യുമെനിക്കൽ പ്രസ്ഥാനം രൂപപ്പെടുത്തുന്നതിലും അദ്ദേഹം മുഖ്യ സംഘാടകനായിരുന്നു. അന്തേര എന്ന വലിയ പ്രസ്ഥാനത്തോടൊപ്പം 24 പെർഗാന മേഖലയിലുള്ള ഒരു പുനരധിവാസ കോളനിയും സ്കൂളും രൂപപ്പെടുത്തുന്നതിനും കൽക്കട്ടാ മാർത്തോമ്മാ ഇടവകയുടെ പിൻബലത്തോടുകൂടി അദ്ദേഹം പ്രവർത്തിച്ചു. Netior കമ്പനിയുടെ മാനേജിംഗ്

ഡയറക്ടറായും അദ്ദേഹം സേവനം അനുഷ്ഠിച്ചു. ഈ ക്രാന്തദർശിയുടെ വിയോഗം മൂലം സഭയ്ക്ക് അപരിഹാര്യമായ ഒരു നേതൃത്വ ശൂന്യതയാണ് അവിടെ ഉളവായിരിക്കുന്നത്. ഈ പ്രവർത്തനങ്ങൾ തുടരുവാനായി പ്രസ്ഥാനത്തിന്റെ നേതാക്കളായി വരുവാൻ തക്കമുള്ള ആളുകളെ അദ്ദേഹം തന്നെ ഒരുക്കിയിട്ടുണ്ട് എന്ന് ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ ദുഃഖാർത്തരായിരിക്കുന്ന കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു. ദൈവം അവരെ വിശ്വാസത്തിലും പ്രത്യാശയിലും ധൈര്യത്തിലും പരിപാലിക്കട്ടെ.

കേരള പി.എസ്.സി അംഗമായി തിരഞ്ഞെടുക്കപ്പെട്ട, മാർത്തോമ്മാ സഭാംഗമായ ഡോ. ജിനു സഖറിയ ഉമ്മന് സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നീതിനിഷ്ഠമായി പ്രവർത്തിക്കുവാൻ ആശംസകൾ നേരുന്നു.

അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത തിരുമേനിയുടെ ജന്മശതാബ്ദി ആശംസാ സമ്മേളനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. Valia Metropolitan Birth Centenary Homes എന്ന പേരിലുള്ള ഭവനനിർമ്മാണത്തിനായി മെത്രാപ്പോലീത്തൻ ഫണ്ടിൽ നിന്നും ഈ വർഷം 100 വീടുകൾക്ക് ഒരു ലക്ഷം രൂപാ വീതം നല്കുവാൻ സഭാ കൗൺസിൽ തീരുമാനിച്ചിട്ടുണ്ട്. മെത്രാപ്പോലീത്തൻ ഫണ്ടിന്റെ ധനശേഖരണത്തിനായുള്ള സ്തോത്രകാഴ്ചകൾ നിശ്ചിത സമയത്തിനുള്ളിൽ സഭാ ഓഫീസിൽ അടയ്ക്കുവാൻ ഇടവകകൾ ശ്രദ്ധിക്കണം. പുതിയ പൂലാത്തീൻ നിർമ്മിതിയിൽ വ്യാപരിച്ച ദൈവകൃപയെ അനുസ്മരിച്ച് അഞ്ച് നിർദ്ധനരായ ആളുകൾക്ക് ഭവനങ്ങൾ നിർമ്മിച്ച് നല്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 25 ലക്ഷം രൂപ ഈ ആവശ്യത്തിലേക്കായി പ്രത്യേക സംഭാവനയായി 2 വ്യക്തികളിൽ നിന്നും ലഭിച്ചു. സഭാതാരകയിൽ പരസ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളിൽ നിന്ന് വിവിധ ഭദ്രാസനങ്ങളിൽ നിന്നായി 5 പേരെ തെരഞ്ഞെടുത്ത് ഒരു ഭവനത്തിന് 5 ലക്ഷം രൂപാ വീതം ചെലവഴിച്ച് കെട്ടിടം നിർമ്മിച്ച് നല്കാനാണ് സഭാ കൗൺസിൽ തീരുമാനിച്ചിരിക്കുന്നത്. താല്പര്യമുള്ള ഇടവകകളും വ്യക്തികളും ഒരു വീടിന്റെ ആവശ്യത്തിനായുള്ള അഞ്ചു ലക്ഷം രൂപാ വീതം നല്കുകയാണെങ്കിൽ കൂടുതൽ പേരെ സഹായിക്കുവാൻ കഴിയും എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

പ്രഗത്ഭനായ ഗുരുവും വാഗ്മിയും സാഹിത്യ നിരൂപകനുമായിരുന്ന പ്രൊഫസർ കെ.എം. തരകന്റെ പേരിലുള്ള ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ നല്കുന്ന ആചാര്യ അവാർഡിന് നമ്മുടെ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ തിരുമേനി അർഹനായി. ബർന്നബാസ് തിരുമേനിയെ സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ഫെബ്രുവരി മാസത്തെ ധ്യാനങ്ങൾ ആരംഭിക്കുന്നത് നമ്മുടെ കർത്താവിന്റെ ദൈവാലയ പ്രവേശനം (മായൽത്തോ) അനുസ്മരിച്ചുകൊണ്ടാണ്. ഫെബ്രുവരി 5-ാം തീയതി ഞായറാഴ്ച മെഡിക്കൽ മിഷൻ ഞായറായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ആശുപത്രികൾ യഥാർത്ഥ സൗഖ്യദായക ഇടങ്ങളായി തീരുവാൻ ഇടയായി തീരണമെങ്കിൽ അവിടെ പ്രവർത്തിക്കുന്നവർക്കെല്ലാം ഉന്നതമായ ക്രിസ്തീയ ദർശനം ഉണ്ടായിരിക്കണം. ആ ദിവസത്തെ ചിന്താവിഷയമായ 'സൗഖ്യം നല്കുന്ന ആർദ്രത' പ്രവർത്തിക്കുന്ന എല്ലാവരിലും ഒരു അനുഭവമായി തീരുമ്പോഴാണ് ശരിയായ സൗഖ്യം ആശുശ്രൂഷകൾ ഏറ്റുവാങ്ങുന്നവർക്ക് ലഭിക്കുന്നത്. നമ്മുടെ കറ്റാനം ആശുപത്രിയിൽ ഒരു കാർഡിയാക്ക് യൂണിറ്റ് നാലരക്കോടി രൂപ ചെലവ് ചെയ്ത് സജ്ജീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനോടകം ഒരു രോഗനിർണ്ണയ ക്യാമ്പും നടത്തുവാൻ സാധിച്ചു. ഈ യൂണിറ്റിന് നേതൃത്വം നല്കുന്ന ഡോ. ജെയിംസ് തോമസിന്റെയും സംഘത്തിന്റെയും പ്രവർത്തനങ്ങൾ അഭിനന്ദനാർഹങ്ങളാണ്.

ഫെബ്രുവരി 7-ാം തീയതി ചൊവ്വാഴ്ച 3 നോമ്പ് ആരംഭിക്കുകയാണ്. ശരിയായ മാനസാന്തരത്തിലൂടെ സർവ്വസൃഷ്ടിയുടെയും വീണ്ടെടുപ്പ് സാധ്യമായി തീരുമ്പോഴാണ് അതൊരു വീണ്ടെടുപ്പിന്റെ ആഘോഷമായി മാറുന്നത്. യേശുവിനോടൊപ്പം യേശുവിന്റെ ക്രൂശിന് സമീപത്തായി ക്രൂശിക്കപ്പെട്ട ഒരു കള്ളൻ തന്റെ തെറ്റ് തിരിച്ചറിഞ്ഞ് അനുതപിച്ച് ക്രിസ്തുവിൽ തന്റെ രക്ഷകനെ കണ്ടെത്തിയപ്പോൾ അവന് കർത്താവ് നല്കിയ പറുദീസായുടെ അനുഭവം വീണ്ടെടുപ്പിന്റെ ഒരു ആഘോഷം തന്നെയാണ്. ഈ ആഘോഷത്തിന്റെ ഓഹരിക്കാരായി തീരുവാൻ ദൈവം നാം എല്ലാവരെയും സഹായിക്കട്ടെ. ഫെബ്രുവരി 12-ാം തീയതി ഞായറാഴ്ച 122-ാമത് മാരാമൺ കൺവൻഷൻ ആരംഭിക്കുകയാണ്. സൃഷ്ടിയുടെ പൂർണ്ണതയിലേക്കു നയിക്കുന്ന ശബത്ത് എന്ന ധ്യാനമാണ് അന്നത്തെ ധ്യാനവിഷയം. ഈ വർഷത്തെ മാരാൺ കൺവൻഷൻ യോഗങ്ങൾ സഭയ്ക്ക് ആകമാനം ഒരു ഉണർവും നവചൈതന്യവും പകരുന്നതിന് ഒരു മുഖാന്തിരമായി തീരട്ടെ എന്ന് ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.

ഫെബ്രുവരി 19-ാംതീയതി ഞായറാഴ്ചത്തെ ചിന്താവിഷയം 'വീഴ്ച - സൃഷ്ടിയുടെ ഉദ്ദേശ്യത്തിൽ നിന്നുള്ള വ്യതിചലനം' എന്നതാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തികഞ്ഞ അവബോധത്തോടുകൂടി ജീവിക്കുവാനാണ്. ആ ഉദ്ദേശ്യത്തിൽ നിന്നുള്ള വീഴ്ചയാണ് പാപമായി പരിണമിച്ചത്. ദൈവം മനുഷ്യന് അവകാശങ്ങളും പദവികളും സ്വാതന്ത്ര്യവും നല്കി. എന്നാൽ സ്വാർത്ഥതയിൽ അടിസ്ഥാനപ്പെട്ട മനുഷ്യൻ രുചിക്കുന്നതിന് മുൻപ് തന്നെ വിലക്കപ്പെട്ട കനിയെ തിൻമാൻ രുചിയുള്ളതായി കണക്കാക്കുകയും നയനമോഹത്താൽ കാൺമാൻ ഭംഗിയുള്ളതായി പരിഗണിക്കുകയും ജ്ഞാനം പ്രാപിക്കുവാൻ കഴിയുമെന്ന മിഥ്യാധാരണയിൽ വിലക്കപ്പെട്ട കനി ഭക്ഷിച്ച് ദൈവം ഏല്പിച്ച ഉത്തരവാദിത്വത്തിൽ നിന്ന് വ്യതിചലിച്ചുപോകുകയും ചെയ്യുന്നു. അതോടുകൂടി ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ തേജസിന്റെ മുഖം നഷ്ടപ്പെട്ടു. നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശം ദൈവത്തിന്റെ പ്രകാശം നമ്മുടെ മുഖത്തുനിന്നും ലോകത്തിലേക്കു പ്രകാശിപ്പിക്കുക എന്നുള്ളതാണ്. ക്രിസ്തു അങ്ങനെ പ്രകാശിപ്പിച്ചതുകൊണ്ടാണ് 'എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു' എന്നു പറയുവാൻ ക്രിസ്തുവിന് കഴിഞ്ഞത്. നമ്മെ കാണുന്നവർ ക്രിസ്തുവിന്റെ മനുഷ്യമുഖം നമ്മിൽ ദർശിക്കത്തക്ക രീതിയിൽ നാം രൂപാന്തരപ്പെടുന്നതാണ് യഥാർത്ഥ നോമ്പനുഭവം. ഫെബ്രുവരി 26-ാം തീയതി ഞായറാഴ്ച വലിയ നോമ്പ് ആരംഭിക്കുകയാണല്ലോ. സ്വർഗ്ഗോന്നതികൾ വെടിഞ്ഞ് നമ്മുടെ വികലതയിലേക്ക് ഇറങ്ങി വന്ന് നമ്മുടെ ജീവിതത്തെ സ്വന്തം രക്തത്താൽ വീണ്ടെടുത്ത് നമുക്ക് രക്ഷ നല്കിയ കർത്താവിന്റെ വലിയ കൃപയാൽ നമ്മിലൂടെ ക്രിസ്തുവിന്റെ മുഖം ദർശിക്കുവാനും അതിലൂടെ പിതാവായ ദൈവത്തെ അറിയുന്ന ധന്യതയിലേക്ക് വളരുവാനും ദൈവം നമ്മെ ഓരോരുത്തരെയും സഹായിച്ച് വഴിനടത്തട്ടെ.

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു. പഴയതു കഴിഞ്ഞു പോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരി. 5:17) കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ.

പുലാത്തീൻ,
28-01-2017

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**